## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.134 | | 12.07.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ സംസ്കരണ പദ്ധതികൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.യു.ആർ.പ്രദീപ് | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ; | (എ) | പര്യാപ്തമല്ല. നിലവിൽ ചുരുക്കം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമെ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളു. സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ ശേഖരിക്കുന്നതിനും സംസ്കരിക്കുന്ന തിനുമായി തദ്ദേശ ഗവർമെന്റ് തലത്തിൽ കൂടുതൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ശുചിത്വമിഷൻ മുഖേന സ്വീകരിച്ച് വരുന്നു. |
| (ബി) | പ്ലാസ്റ്റിക്കും, ഇ-മാലിന്യവും പ്രത്യേകം സംഭരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | പ്ലാസ്റ്റിക്, ഇ-മാലിന്യം തുടങ്ങിയ അജൈവമാലിന്യങ്ങളുടെ തരംതിരിച്ചുള്ള സംഭരണം പുന:ചംക്രമണത്തിന് കൈമാറൽ എന്നിവ സംബന്ധിച്ച് ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | ഓരോ പ്രദേശത്തിന്റെ പ്രത്യേകതയും ആവശ്യകതയും കണക്കിലെടുത്ത് ഗാർഹിക മാലിന്യ സംസ്കരണത്തോടൊപ്പം ബയോ ഗ്യാസ് കൂടി ഉൽപാദിപ്പിക്കാൻ കഴിയുന്ന പ്രയോജനകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഗാർഹിക, കമ്മ്യൂണിറ്റി തലങ്ങളിൽ സർക്കാർ സബ്സിഡിയോടെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ